സ്വീവേജ് ഫാമിലെ പീസ്റേറ്റ് തൊഴിലാളികൾ

119(830)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്വീവേജ് ഫാമിൽ എത്ര പീസ്റേറ്റ് തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്;

(ബി) കാഷ്വൽ തൊഴിലാളികൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഇവർക്ക് നൽകുന്നതുകൊണ്ട് ഇവരേയും കാഷ്വൽ തൊഴിലാളികളായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 66

(ബി) എല്ലാ പീസ്റേറ്റ് തൊഴിലാളികളേയും കാഷ്വൽ തൊഴിലാളികളായി നിയമിക്കുന്ന കാര്യം പരിശോധനയ്ക്ക് വിധേയമാക്കി വരികയാണ്.

മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്ററുകളിലെ നിയമനം

120 (831)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ് സെന്ററുകളിൽ കാഷ്വൽ പി.ടി.എസ് തസ്തികയിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഇവർ എത്ര വർഷത്തെ സർവ്വീസുള്ളവരാണ്;

(സി) 1994 മുതൽ ഈ തസ്തികയിൽ സ്ഥിരമായി ജോലി ചെയ്യുന്നവർ എത്ര പേരുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇവർക്ക് പ്രതിദിനം എത്രരൂപയാണ് ശമ്പളമായി നൽകുന്നത്;

(ഇ) ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുവാനും ഇവർക്ക് നൽകി വരുന്ന ശമ്പളം കാലോചിതമായി പരിഷ്ക്കരിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 52 പേർ

(ബി) ഇവർ 1990 ജൂൺ മാസം മുതൽ ജോലി ചെയ്യുന്നവരാണ്. തുടർച്ചയായി ആരെയും നിയമിച്ചിട്ടില്ല.

(സി) ആരും ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) തൽക്കാലത്തേയ്ക്ക് നിയമിക്കുന്നവരെ സ്ഥിരപ്പെടുത്തുവാൻ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly